(സി) സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 50/10/AD തീയതി 19-2-2010 പ്രകാരം കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി ഒരു സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) കുട്ടനാട്, ഇടുക്കി പാക്കേജ് പ്രകാരം കമ്മോഡിറ്റി ബോർഡ് അനുവദിച്ച തുക.

1. സ്പൈസസ് ബോർഡ്

(എ) ഇടുക്കി പാക്കേജ് പ്രകാരം ഏലം കൃഷിക്ക് 53.7 കോടി രൂപ.

(ബി) ഇടുക്കി പാക്കേജ് പ്രകാരം കുരുമുളകിനെ പുനരുജ്ജീവിപ്പിക്കുന്നതിനായി 120 കോടി രൂപ.

2. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്

(എ) കുട്ടനാട് പാക്കേജ് പ്രകാരം അപ്പർ കുട്ടനാട്ടിൽ തെങ്ങ് കൃഷിക്ക് 14 കോടി രൂപ.

(ബി) ഇടുക്കി പാക്കേജ് പ്രകാരം ഇടുക്കി ജില്ലയിൽ തെങ്ങ് കൃഷിക്ക് 10 കോടി രൂപ.

3. കോഫി ബോർഡ്

ഇടുക്കി പാക്കേജിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റിനായി 0.66 കോടി രൂപ.

4. റ്റീ ബോർഡ്

ഇടുക്കി പാക്കേജ് പ്രകാരം മൂപ്പെത്തിയതും ഉല്പാദന ക്ഷമത കുറഞ്ഞവ മാറ്റി പുതിയവ കൃഷി ചെയ്യുന്നതിനുമായി 1.89 കോടി രൂപ.

കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

5 (*425) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തുന്നതിനായി എവിടെയൊക്കെയാണ് ഇ.ഇ.സി. വിപണികൾ ആരംഭിച്ചിട്ടുള്ളത് ; ഇത്തരം വിപണികൾ എന്തൊക്കെ കർഷകരക്ഷാ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഷികോൽപ്പന്നങ്ങൾക്ക് വിലത്തകർച്ച നേരിടുന്ന ഈ കാലയളവിൽ കർഷകർക്ക് വില സംരക്ഷണം നൽകുന്നതിന് കർഷകരക്ഷാ പദ്ധതിയിൻകീഴിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കാർഷിക പ്രാതിനിധ്യം ഉറപ്പുവരുത്തികൊണ്ട് അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) സംസ്ഥാനത്തെ കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ 6 ഇ.ഇ.സി. മാർക്കറ്റുകളും, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങളും സജീവമായി പ്രവർത്തിച്ചുവരുന്നു. ഹോർട്ടികോർപ്പ് നിലവിൽ 110 വിൽപ്പന കേന്ദ്രങ്ങൾ അവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായുള്ള 6 ഇ.ഇ.സി. മാർക്കറ്റുകളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

പഴം, പച്ചക്കറി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ഉറപ്പാക്കികൊണ്ടുള്ള കൂട്ടായ വിപണനം എന്ന പദ്ധതി വി.എഫ്.പി.സി.കെ. വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാന പ്രൈസസ് ബോർഡ്, WTO Cell, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വില പ്രവചന സംവിധാനം ഇവയും കാർഷിക വിപണി പ്രത്യേകതകൾ കർഷകരെ അറിയിക്കുന്നതിനുള്ള സംവിധാനങ്ങളാണ്.

(ബി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 6 (ആറ്) ഇ.ഇ.സി. മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അത് താഴെപ്പറയും വിധം ആകുന്നു.

1. അർബൻ കാർഷിക മൊത്ത വ്യാപാര വിപണി, ആനയറ, തിരുവനന്തപുരം.
2. അർബൻ കാർഷിക മൊത്ത വ്യാപാര വിപണി, മരട്, എറണാകുളം.
3. അർബൻ കാർഷിക മൊത്ത വ്യാപാര വിപണി, വേങ്ങേരി, കോഴിക്കോട്.
4. ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി, നെടുമങ്ങാട്, തിരുവനന്തപുരം.
5. ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി, മൂവാറ്റുപുഴ, എറണാകുളം.
6. ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി, സുൽത്താൻ ബത്തേരി, വയനാട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് വിലപം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാൻ 2009-10 വർഷം മൂവാറ്റുപുഴ, നെടുങ്ങാട്, വേങ്ങേരി, സുൽത്താൻബത്തേരി തുടങ്ങിയ മാർക്കറ്റുകളിലേക്ക് 82.5 ലക്ഷം അനുവദിച്ചിട്ടുണ്ട്. 2010-11 വർഷം 27.50 ലക്ഷം രൂപ വേങ്ങേരി മാർക്കറ്റിനും 30 ലക്ഷം രൂപ സുൽത്താൻബത്തേരി മാർക്കറ്റിനും അനുവദിച്ചു.

(സി) കാർഷിക മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധിയെ നേരിട്ട് കർഷകർക്ക് ഒരളവുവരെ ആശ്വാസം പകരുന്നതിന് കമ്മോഡിറ്റി സേഫ്റ്റിനെറ്റ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 4 ഹെക്ടർ വരെ കൈവശഭൂമിയുള്ള കർഷകരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കുരുമുളക്, അടയ്ക്ക, ഇഞ്ചി, കൊക്കോ, വാനില, കാപ്പി തുടങ്ങിയ വിളകളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. ടി വിളകൾക്ക് ഒരു നിശ്ചിത അളവിൽ താഴെ വിലയിടുമ്പോൾ പദ്ധതിയിൽ നിന്നും കർഷകർക്ക് ധനസഹായം അനുവദിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്ക് കോർപ്പസ് ഫണ്ടായി 10 കോടി രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള വിശദമായ നടപടിക്രമം തയ്യാറാക്കിവരുന്നു.

(ഡി) കൃഷി വകുപ്പുമായി ബന്ധപ്പെട്ട 6 ഇ.ഇ.സി. മാർക്കറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഓരോ കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിനും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഒരു മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിലുണ്ട്. ഇവയെ ആധാരമാക്കി പ്രസ്തുത കമ്പനികൾ സ്ഥാപിക്കുവാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

6 (*426) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പട്ടികവിഭാഗക്കാരുടെ ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[19-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ 5(*425)-ന്റെ ഉത്തരം കാണുക]

കോർട്ടികോർപ്പിന്റെ നേതൃത്വത്തിലുള്ള 110 വിപണന കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

തിരുവനന്തപുരം	62
കൊല്ലം	15
കോട്ടയം	6
പത്തനംതിട്ട	2
ആലപ്പുഴ	4
എറണാകുളം	2
തൃശ്ശൂർ	1
കോഴിക്കോട്	5
മലപ്പുറം	2
കണ്ണൂർ	11
ആകെ	110

അനുബന്ധം II

[19-7-2010-ലെ നക്ഷത്രചിഹ്നമിട്ട് ചോദ്യം 13 (*433)-ന്റെ ഉത്തരം കാണുക]

	പദ്ധതി ഘടകം	ഹെക്ടർ ഒന്നിന് നല്കുന്ന ആനുകൂല്യം (രൂപ)	ഭൗതിക ലക്ഷ്യം (ഹെക്ടർ)	സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷം)
	(1)	(2)	(3)	(4)
1	ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവനം	1500	16666/-	2500
2	തരിശുനില പദ്ധതി	5000	4000	200
3	നെൽകൃഷി മേഖലയിൽ അധികവിള ഉല്പാദനം	2500	2000	50

LIBRARY ARCHIVES Kerala Legislative Assembly